# പാലക്കാട്ട് രണ്ടിടത്ത് കുഴൽപ്പണ വേട്ട

പാലക്കാട് ● ജില്ലയിൽ വാളയാറിലും മലമ്പുഴയിലും വൻ കുഴൽപ്പണ വേട്ട. 1.12 കോടി രൂപയുടെ കുഴൽപ്പണം മലമ്പുഴയിൽ നിന്നും 38.50 ലക്ഷം രൂപ വാളയാറിൽ നിന്നും പിടിച്ചെടുത്തു. കാറിൽ കടത്താൻ ശ്രമിക്കുന്നതിനിടെ മലമ്പുഴ കഞ്ചിക്കോട് റോഡിൽ വച്ചാണു മണ്ണാർക്കാട് കൊടക്കാട് പത്തിരി വീട്ടിൽ അബ്ദുൽ റസാഖ്(33) അറസ്റ്റിലായത്. വാഹന പരിശോധനയ്ക്കിടെ ആഡംബര ബസിന്റെ സീറ്റിനടിയിൽ കുഴൽപ്പണം ഒളിപ്പിച്ചു കടത്താൻ ശ്രമിച്ച കൊച്ചി പെരുമ്പാവൂർ അമ്പാട് വീട്ടിൽ പരീദ് അറസ്റ്റിലാവുകയായിരുന്നു.

സേലത്തു നിന്നു മണ്ണാർക്കാടുള്ള വ്യക്തിക്കു നൽകാനായിരുന്നു പണം കൊണ്ടു വന്നതെന്ന് അബ്ദുൽ റസാഖ് പൊലീസിനു മൊഴി നൽകി. കാറിന്റെ ഡിക്കിയിലും സീറ്റിനടിയിലും പഴയ വസ്ത്രങ്ങൾക്കടിയിൽ ഒളിപ്പിച്ച നിലയിലായിരുന്നു നോട്ടുകെട്ടുകൾ. മുംബൈ, മലപ്പുറം കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന കുഴൽപ്പണ സംഘങ്ങളെക്കുറിച്ച് പൊലീസിനു വിവരം ലഭിച്ചിട്ടുണ്ട്. തമിഴ്നാട്, മഹാരാഷ്ട്ര പൊലീസിന്റെ സഹായത്തോടെ അന്വേഷണം ഊർജിതമാക്കുമെന്നു ഡിവൈഎസ്പി ജി.ഡി. വിജയകുമാർ അറിയിച്ചു.

ക്രൈം സ്ക്വാഡ് അംഗങ്ങളായ എസ്ഐ എസ്. ജലീൽ, ടി.ആർ. സുനിൽ കുമാർ, കെ.അഹമ്മദ് കബീർ, ടി.ജെ. ബ്രിജിത്ത്, യു. സുരജ് ബാബു, ആർ. വിനീഷ്, ആർ. രാജിദ്, കെ. ദിലീപ്, ഷെമീർ, മലമ്പുഴ പൊലീസ് സ്റ്റേഷനിലെ സിവിൽ പൊലീസ് ഓഫിസർമാരായ




അറസ്റ്റിലായ പരീദ്, അബ്ദുൽ റസാഖ്.

കെ.എൻ. നീരജ് ബാബു, ജി. സാജൻ, സതീഷ്, ഹോം ഗാർഡ് സുനിൽ കുമാർ എന്നിവരുടെ നേതൃത്വത്തിലായിരുന്നു പരിശോധന.

ഹൈദരാബാദിൽ നിന്നു കൊച്ചിയിലേക്കു കൊണ്ടു പോവുകയായിരുന്ന പണമാണു വാളയാറിൽ എക്സൈസ് പരിശോധനയിൽ പിടിക്കപ്പെട്ടത്.